

# കുഴിക്കാട്ടുശ്ശേരി അമലോത്ഭവമാതാ ഇടവക

4-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്ഥാപിതമായ ചരിത്ര പ്രാധാന്യമർഹിക്കുന്ന പുത്തൻചിറ ഇടവകയിൽ നിന്ന് തിരിച്ച് കുഴിക്കാട്ടുശ്ശേരി ദേശക്കാർക്കുവേണ്ടി 1904-ൽ നിർമ്മിച്ച ദേവാലയമാണ് അമലോത്ഭവ മാതാവിന്റെ നാമധേയത്തിലുള്ള കുഴിക്കാട്ടുശ്ശേരി ഇടവക പള്ളി. ഇതിനായി ഭൂമി നല്കുവാൻ സന്മനസ്സ് കാണിച്ച രണ്ട് മഹത്‌വ്യക്തികളായ കടമ്പാട്ടുപറമ്പിൽ ഇട്ടിമാത്തു ചുമ്മാർ, പുന്നേലിപറമ്പിൽ കൊച്ചപ്പൻ തോമൻ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

## പള്ളി

1902 ഡിസംബർ 8-ാം തിയ്യതി അന്നത്തെ തൃശ്ശൂർ വികാരി അപ്പസ്തോലിക് ആയിരുന്ന അഭിവന്ദ്യ പിതാവ് ജോൺ മേനാച്ചേരിയാണ് ദേവാലയത്തിന് അനുവാദം നല്കിയതും തറക്കല്ലിട്ടതും. 2 വർഷത്തിനുശേഷം 1904 ഡിസംബർ 8-ന് അഭിവന്ദ്യ പിതാവ് ദേവാലയം പ്രതിഷ്ഠിച്ച് പരിശുദ്ധ അമലോത്ഭവ മാതാവിന് സമർപ്പിച്ചു. 14 കുടുംബങ്ങളാണ് പുതിയതായി രൂപീകൃതമായ ഇടവകയിൽ ആദ്യമുണ്ടായത്. അക്കാലത്ത് പുത്തൻചിറ പള്ളിയുടെ വികാരിയായിരുന്ന ബഹു. ജോസഫ് വിതയത്തിലച്ചനാണ് പ്രോത്സാഹനം നല്കിയതും ആദ്യത്തെ വികാരിയായി നിയമിക്കപ്പെട്ടതും.

പുണ്യശ്ലോകനായ വിതയത്തിലച്ചന്റെ വിശുദ്ധിയും തിരുക്കുടുംബസന്യാസ സ്ഥാപകയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ ചൈതന്യവും കൈമുതലാക്കിയ ഇടവക, ദ്രുതഗതിയിൽ വളർച്ച പ്രാപിച്ചു.

## സ്ക്കൂൾ, വൈദികമന്ദിരം

24 വർഷങ്ങൾക്കുശേഷം പള്ളിയോടനുബന്ധിച്ച് ഒരു പള്ളിക്കൂടത്തിന് - LFLP സ്ക്കൂളിന് 1927-ൽ ബഹു. ആന്റണി പുല്ലോക്കാരനച്ചന്റെ നേതൃത്വത്തിൽ പള്ളിയോടുചേർന്ന് രൂപം നല്കി. ഇടവക മക്കളുടെയും കുഴിക്കാട്ടുശ്ശേരി ദേശക്കാരുടെയും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഗുരുകുലത്തിന് അതോടെ തുടക്കം കുറിച്ചു. ഉന്നത നിലവാരം പുലർത്തുന്ന ഈ സ്ക്കൂളിന്റെ സുവർണ്ണ ജൂബിലി 1977-ലും പ്ലാറ്റിനം ജൂബിലി 2002-ലും സമാഘോഷിച്ചു.

ആരംഭകാലങ്ങളിൽ നവധാന്യപ്പിരിവുകൊണ്ടാണ് ഇടവകയുടെ ദൈനംദിന കാര്യങ്ങൾ നടത്തി



വൈദികമന്ദിരം

യിരുന്നത്. ബഹു. ആന്റണി തരകനച്ചന്റെ കാലത്ത് പള്ളിപറമ്പിൽ തെങ്ങുവയ്ക്കുകയും ജേക്കബ് പുലിക്കോട്ടിലച്ചന്റെ (Sr.) കാലത്ത് ഇടവകദേവാലയം പുതുക്കി ഓടുകൊണ്ട് മേല്ക്കൂര പണിയുകയും ചെയ്തു. 1960 ആയപ്പോഴേക്കും 140 കുടുംബങ്ങളുള്ള ഒരു ഇടവകയായി കുഴിക്കാട്ടുശ്ശേരി. കാരൂർ ഇടവക പള്ളിയും കുഴിക്കാട്ടുശ്ശേരി ഇടവക പള്ളിയും ഒരേ വികാരിയച്ചന്റെ കീഴിലാണ് പ്രവർത്തിച്ച് വന്നിരുന്നത്. 1962 മെയ് 18-ൽ ബഹു. ജോൺ വാലിക്കോടത്തച്ചന്റെ കാലത്ത് വൈദികമന്ദിരം പണിതീർക്കുകയും അക്കാലം തുടങ്ങി അവിടെ താമസിച്ച് വികാരിമാർ ഇടവകയിൽ ശുശ്രൂഷ ചെയ്തുപോരുകയും ചെയ്തുവരുന്നു.



എൽ.എഫ്.എൽ.പി. സ്കൂൾ

## പള്ളി പുനർനിർമ്മാണം

ഇന്നു കാണുന്ന രീതിയിൽ ഈ ഇടവക പള്ളി പുതുക്കിപ്പണിയുവാൻ തീരുമാനിച്ചത് 1965 ജൂലൈ 3-ാം തിയ്യതി കൂടിയ യോഗത്തിലാണ്. അതിനുവേണ്ടി ഇടവകക്കാരുടെ സംഭാവനകൾ സമാഹരിച്ചശേഷം 1969-ൽ പഴയപള്ളി പൊളിക്കുകയും, 120 അടി നീളവും 30 അടി വീതിയുമുള്ള പുതിയ ദേവാലയം പണി ആരംഭിക്കുകയും ചെയ്തു. ആയതിന് നേതൃത്വം നല്കിയത് അന്നത്തെ വികാരി ബഹു. ലാസർ പൊറത്തൂർ അച്ചനായിരുന്നു. 2 വർഷത്തിനുള്ളിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന പള്ളിയുടെ പണി പൂർത്തിയാക്കി, 1971 ഫെബ്രുവരി 20-ന് അഭിവന്ദ്യപിതാവ് മാർ ജോസഫ് കുണ്ടുകുളം വെഞ്ചിരിപ്പുകർമ്മം നടത്തി.

പള്ളിയുടെ മുൻവശത്തുള്ള കപ്പേള, പാരിഷ്ഹാൾ എന്നിവ സ്ഥിതിചെയ്യുന്ന സ്ഥലം പള്ളിയ്ക്ക് ദാനമായി നല്കിയത് ബഹു. അമ്പൂക്കൻ യോഹന്നാൻ (Sr.) അച്ചനാണ്.

## കപ്പേളകൾ

പള്ളിയുടെ മുൻഭാഗത്തുള്ള ഉണ്ണിമിശിഹായുടെ കപ്പേള സന്താനഭാഗ്യം കിട്ടിയതിന്റെ ഉപകാരസ്മരണയായി ഒരു വിശ്വാസി പണിത് നല്കിയതാണ്. പിന്നീട് ഇപ്പോൾ കാണുന്ന രീതിയിൽ 1977-ൽ പുതുക്കി പണിതീർത്തത് ഇടവകാംഗമായ അമ്പൂക്കൻ പൗലോസ് ജോസാണ്. സിമിത്തേരി വിപുലീകരിച്ചതും അവിടെ കപ്പേള പണിതതും 1977-ലാണ്. കൊമ്പൊടിഞ്ഞാമാക്കൽജംഗ്ഷനിൽവി.സെബസ്ത്യാനോസിന്റെ ഒരു കപ്പേള പണിയുവാൻ ദാനശീലനായ കടമ്പാട്ടുപറമ്പിൽ ഔസേഫ് ഇട്ട്യേച്ചൻ സ്ഥലം നല്കുകയും ഇപ്പോൾ കാണുന്ന രീതീയിലുള്ള കപ്പേള പണിത് 24.2.79-ൽ വെഞ്ചിരിപ്പ് നടത്തുകയും ചെയ്തു.



ഉണ്ണീശോയുടെ കപ്പേള



വി. സെബസ്ത്യാനോസിന്റെ കപ്പേള

## പാരിഷ്ഹാൾ

ഇടവകക്കൊരു പാരിഷ്ഹാൾ എന്ന ആശയം ബഹു. ജോയി നെല്ലിശ്ശേരി അച്ചന്റെ കാലത്താണ് ഉടലെടുത്തത്. ശിലാസ്ഥാപനം നടത്തി പണി ആരംഭിച്ചത് ബഹു. ജോൺ ജോസഫ് സി.എസ്.ടി. അച്ചനാണ്. പാരിഷ്ഹാൾ പണിയുന്നതിന് നേതൃത്വം നല്കിയതും പണി പൂർത്തിയാക്കിയതും ബഹു. വർഗ്ഗീസ് തെറ്റയിലച്ചനാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്, സാമൂഹ്യസേവനം ലക്ഷ്യമാക്കി മദർ തെരേസ ചാരിറ്റബിൾ ട്രസ്റ്റിന് രൂപം നല്കിയത്.



പാരിഷ് ഹാൾ

## നസ്രത്ത് കോൺവെന്റ്

മുൻകാലങ്ങളിൽ ഇടവകയുടെ ആത്മീയകാര്യങ്ങളിൽ സഹായിക്കുവാൻ സിസ്റ്റേഴ്സ് എത്തിയിരുന്നത് കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ ഭവനത്തിൽ നിന്നായിരുന്നു. 2002-ൽ അന്നത്തെ വികാരി ആയിരുന്ന ഡേവിസ് കല്ലിങ്ങൽ അച്ചന്റെ പരിശ്രമഫലമായി ഇടവകയിൽ നസ്രത്ത് സിസ്റ്റേഴ്സിന്റെ ഒരു ഭവനം സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു. മറ്റു ആത്മീയ ശുശ്രൂഷകൾക്കൊപ്പം, ഇടവകയുടെ നഴ്സറി സ്ക്കൂളും കാര്യക്ഷമമായ രീതിയിൽ സിസ്റ്റേഴ്സ് നടത്തിപ്പോരുന്നു.



നസ്രത്ത് കോൺവെന്റ്

## ശതാബ്ദിയാഘോഷം

ഇടവക സ്ഥാപിതമായതിന്റെ 100-ാം വർഷം, 2005-ൽ അത്യാഡംബരപൂർവ്വം ആഘോഷിച്ചു. 2005 ജനുവരി 9-ന് അത്യുന്നത മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ വർക്കി വിതയത്തിലിന്റെ കാർമ്മികത്വത്തിൽ സെന്റിനറി ആഘോഷങ്ങളുടെ സമാപനത്തിന് തിരശ്ശീല ഉയർന്നു.

371 കുടുംബങ്ങളും 11 കുടുംബയൂണിറ്റുകളുമുള്ള വലിയ ഇടവകയായി കുഴിക്കാട്ടുശ്ശേരി വളർന്നിരിക്കുന്നു. കുഴിക്കാട്ടുശ്ശേരിക്കാരുടെ അമ്മയായ വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെ പാദസ്പർശനത്താൽ അനുഗ്രഹീതമായ ഈ പ്രദേശം ദൈവദാസൻ വിതയത്തിലച്ചന്റെ അനുഗ്രഹാശിസ്സുകൾ നേടിയ പുണ്യഭൂമി - ആത്മീയ നേതൃത്വം നല്കിയ ബഹു. 52 വികാരിയച്ചന്മാർ ഇവരെല്ലാവരും കുഴിക്കാട്ടുശ്ശേരി ഇടവകക്കാരുടെ - പ്രദേശത്തെ ജനങ്ങളുടെ ആത്മീയവും സാംസ്ക്കാരികവും സാമൂഹ്യവുമായ ഉണർവ്വിന് നേതൃത്വം നല്കിയിട്ടുണ്ട്.

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ തിരുസ്വരൂപം അൾത്താരയിൽ പ്രതിഷ്ഠിച്ച് എല്ലാ വ്യാഴാഴ്ചകളിലും പ്രത്യേകമായി നൊവേന നടത്തുന്നു. അമലോത്ഭവമാതാവിന്റെ നാമധേയത്തിലുള്ള ഈ ഇടവക അമ്മയിലുള്ള വിശ്വാസത്തിന്റെ പ്രതീകമായി ആണ്ടുതോറും ഡിസംബർ 8 പ്രതിഷ്ഠാദിനമായി ആചരിക്കുന്നു.